## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2301      12.03.2020-ൽ മറുപടിക്ക്

## സുഗന്ധഗിരി പുനരധിവാസ മേഖലയുടെ സമഗ്ര വികസനം

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td colspan="2">ശ്രീ.സി. കെ. ശശീന്ദ്രൻ :</td><td colspan="2">എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി)</td></tr>
<tr><td>എ)</td><td>കൽപ്പറ്റ മണ്ഡലത്തിലെ സുഗന്ധഗിരി പുനരധിവാസ മേഖലയിൽ നടപ്പാക്കുന്ന സമഗ്ര വികസന പദ്ധതിയുടെ പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;</td><td rowspan="2">എ) യും ബി) യും</td><td rowspan="2">പട്ടികജാതി വികസന വകുപ്പ് കൽപ്പറ്റ നിയോജക മണ്ഡലത്തിലെ സുഗന്ധഗിരി പുനരധിവാസ മേഖലയിൽ പൊഴുതന പഞ്ചായത്തിലെ സുഗന്ധഗിരിയിലെ 20 പട്ടികജാതി കുടുംബങ്ങൾക്ക് 2017-18 ൽ പ്രത്യേക പാക്കേജ് പ്രകാരം 5 സെന്റിൽ കുറയാത്ത ഭൂമിയും വീടും അനുവദിച്ചിട്ടുണ്ട്. ഇതിൽ 19 പേർക്ക് ഭൂമി നൽകുകയും ഭവന നിർമ്മാണ ധനസഹായം അനുവദിക്കുകയും ചെയ്തു.<br><br>പട്ടികജാതി വികസന വകുപ്പിൽ വീട് അനുവദിച്ചിട്ടുള്ള 19 പേരിൽ 12 പേർ വീട് പണി പൂർത്തീകരിച്ചിട്ടുണ്ട്. 7 ഭവനങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലുമാണ്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് കൽപ്പറ്റ മണ്ഡലത്തിലെ സുഗന്ധഗിരി പുനരധിവാസ മേഖലകളിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ:<br><br>(1) <u>പൂർത്തീകരിച്ചവ</u><br><br>ചെന്നായ്ക്കവല, കർപ്പൂരക്കാട്, എട്ടാം നമ്പർ പ്രദേശം, പ്ലാന്റേഷൻ പ്രദേശം കുടിവെള്ള പദ്ധതി, അപ്പാട്ടകുന്ന് - എം.ആർ.എസ്സ് കുന്ന് കോളനി കുടിവെള്ള പദ്ധതി, കാപ്പി കല്ലൂർ ഏഴാം നമ്പർ റോഡ് അഗതി മന്ദിരം ടി.ഇ. ഓഫീസ് റോഡ്. ടി പദ്ധതികൾക്കുള്ള വൈദ്യുതി കണക്ഷൻ പൂർണ്ണമായും ലഭ്യമായിട്ടില്ല.</td></tr>
<tr><td>ബി)</td><td>പ്രസ്തുത പദ്ധതിയിൽ ഇതുവരെ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാം; ഇനിയും ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ഏതെല്ലാം; നിർമ്മാണത്തിലിരിക്കുന്ന പ്രവൃത്തികൾ ഏതെല്ലാം;</td></tr>
</table>

| | | | |
|---|---|---|---|
| | | | (2) <u>ആരംഭിച്ചിട്ടില്ലാത്തവ</u><br><br>പൊഴുതന ഗ്രാമപഞ്ചായത്തിലെ 14 റോഡുകളിൽ അംബ ക്ലപ്പ് എട്ടാം വാർഡ് റോഡ്, അമ്പതേക്ര ഡാം-മാങ്ങാപ്പാടി റോഡ്, ബി.എൽ ക്വാർട്ടേഴ്സ് റോഡ്, എട്ടാം നമ്പർ-പെരിങ്ങോട് റോഡ്, വൈത്തിരി ഗ്രാമപഞ്ചായത്തിലെ പൂക്കോട് ഡയറി ആനമല മേലെ കോളനി റോഡ്, പൂക്കോട് കുന്ന് അപ്പാട്ട് കുന്ന് കോളനി റോഡ്, പൂക്കോട് ഡയറി നരിക്കോട് മുക്ക് റോഡ്, പൂക്കോട് ഡയറി വെറ്റിനറി ക്ലിനിക് പന്നിഫാം റോഡ്, നവോദയ സ്കൂൾ ആനമല താഴെ കോളനി റോഡ്, പൂക്കോട് ഡയറി മോഡൽ റസിഡൻഷ്യൽ സ്കൂൾ കുന്ന് റോഡ് എന്നീ ആറ് റോഡുകളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>(3) <u>നിർമ്മാണത്തിലിരിക്കുന്നവ</u><br><br>അംബ ആറാം യൂണിറ്റ് റോഡ്, പൂക്കോട് പ്ലാന്റേഷൻ റോഡ്, സുഗന്ധഗിരി അമ്പതേക്ര റോഡ് റീ ടാറിംഗ്, അംബ എട്ടാം നമ്പർ റോഡ്, പ്ലാന്റേഷൻ പി.എച്ച്.സി റോഡ്, കല്ലൂർ നാലാം നമ്പർ റോഡ്. |
| സി) | പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | സി) | പട്ടികജാതി വികസന വകുപ്പ് അനുവദിച്ച ഭവനങ്ങളുടെ നിർമ്മാണം ഗുണഭോക്താക്കൾ നേരിട്ടാണ് നിർവ്വഹിക്കുന്നത്. ഭവനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. ആയത് ത്വരിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിൽ പദ്ധതിയുടെ നിർവ്വഹണം പൊഴുതന ഗ്രാമപഞ്ചായത്ത് മുഖേനയാണ് നടപ്പിലാക്കിവരുന്നത്. കാലവർഷക്കെടുതി മൂലമുണ്ടായ നാശനഷ്ടങ്ങൾ മൂലം ഭേദഗതി ചെയ്ത ചില പ്രോജക്ടുകളുടെ അലൈൻമെന്റും, ടെക്നിക്കൽ സാങ്ഷനും ഇനിയും ലഭ്യമാകേണ്ടതുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**